**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 218** **06.11.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന് കീഴിൽ ഹൈടെക് സൈബർ സെൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.എം.രാജഗോപാലൻ**<br>**ശ്രീ.വി.ജോയി** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |

| | |
|---|---|
| (എ) എക്സൈസ് എൻഫോഴ്സ്മെന്റ് അതിർത്തികളിൽ ജാഗ്രത വർദ്ധിപ്പിച്ച് റോഡ് മാർഗം ലഹരി വസ്തുക്കളുടെ കടത്ത് ഫലപ്രദമായി തടഞ്ഞതിനെത്തുടർന്ന് അന്താരാഷ്ട്ര ബന്ധമുള്ള സംഘങ്ങൾ വിമാനത്താവളങ്ങൾ വഴിയും ട്രെയിൻ മാർഗവും വർദ്ധിച്ച തോതിൽ സംസ്ഥാനത്തേക്ക് ലഹരി വസ്തുക്കൾ കടത്തുന്നത് തടയാൻ പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് ആധുനികോപകരണങ്ങൾ സഹിതം ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്.<br>വിമാനത്താവളങ്ങൾ വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടു വരുന്നതും മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്നതും തടയുന്നതിനായി ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും വിമാനത്താവളങ്ങളുടെ പരിസരത്തുള്ള റോഡുകളിലും, ദേശീയപാതകളിലും പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനായി റെയിൽവേ പോലീസ്, RPF എന്നിവയുമായി ചേർന്നും റെയിൽവേ സ്റ്റേഷനുകളിൽ പോലീസ് ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെയും പരിശോധന നടത്തി ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും രഹസ്യവിവരങ്ങൾ പങ്കുവയ്ക്കലും നടത്തി വരുന്നുണ്ട്. |
| (ബി) ഓൺലൈൻ വഴി കച്ചവടം നടത്തി ഉപഭോക്താക്കൾക്ക് കൊറിയർ വഴിയും മറ്റും ലഹരി വസ്തുക്കൾ എത്തിച്ച് നൽകുന്നത് വ്യാപകമാണെന്ന വാർത്തകളുടെയടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിന് കീഴിൽ ഹൈടെക് സൈബർ സെൽ സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ജനമൈത്രി പോലീസ് മാതൃകയിൽ എക്സൈസിനെ ജനകീയവൽക്കരിച്ച് ജനപങ്കാളിത്തത്തോടെ മയക്കമരുന്നിന്റെ വിപണനം അസാധ്യമാക്കുന്നത് പരിശോധനാ വിധേയമാക്കുമോയെന്ന് അറിയിക്കുമോ? | (സി) | ജനമൈത്രി പോലീസ് മാതൃകയിൽ എക്സൈസ് വകുപ്പിൽ 4 സ്ഥലങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. മയക്കമരുന്നുകളുടെ ഉൽപാദനം, വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരി വർജ്ജന ബോധവത്ക്കരണ നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എക്സൈസ് ഓഫീസർ കൺവീനറായിട്ടുള്ള വിമുക്തി/ ബോധവത്ക്കരണ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. ജനകീയ കമ്മിറ്റികളിലൂടെ മയക്കമരുന്നു വിപണനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നു. സന്നദ്ധ സംഘടനകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹായത്തോടെ ലഹരിക്കെതിരായ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും ഊർജ്ജിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ